**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **28-06-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ പരിശോധന റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ ബന്ധപ്പെട്ട ഭരണ വകുപ്പിന് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം നടപടി സ്വീകരിക്കണമെന്ന ഉത്തരവ് നൽകിയിട്ടും ഏതെല്ലാം വകുപ്പുകൾ ഏതെല്ലാം റിപ്പോർട്ടുകളിന്മേലാണ് തുടർനടപടികൾ സ്വീകരിക്കാത്തത് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | 20.12.2021ലെ സ.ഉ.(അച്ചടി)നം.173/2021/ധന നമ്പർ ഉത്തരവ് പ്രകാരം പരിശോധനാ റിപ്പോർട്ട് ഭരണ വകുപ്പിൽ ലഭിച്ച് 30 ദിവസത്തിനകം നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ധനകാര്യ വകുപ്പിന് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തെ അറിയിക്കാത്ത വകുപ്പുകളുടെ പേരും, പരിശോധനാ റിപ്പോർട്ടുകളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട് . |
| (ബി) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താൻ ധനകാര്യ പരിശോധനാ വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത പരിശോധന ഇപ്പോൾ കാര്യക്ഷമമല്ലാത്തതിനാൽ വിവിധ വകുപ്പുകളിൽ വാഹന ദുരുപയോഗം വർദ്ധിച്ച് സർക്കാരിന് നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 24.02.2003 ൽ സ.ഉ(കൈ)നം.113/2003/ധന നമ്പർ സർക്കാർ ഉത്തരവും 02.08.2008 ൽ 41/2008/ധന നമ്പർ പരിപത്രവും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വാഹന ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ആയത് തടയുന്നതിന് വാഹനപരിശോധന ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പരിശോധനാ റിപ്പോർട്ട് ഭരണ വകുപ്പിന് ലഭിച്ച് 30 ദിവസത്തിനകം നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ധനകാര്യ പരിശോധന വിഭാഗത്തെ അറിയിക്കാത്ത വകുപ്പുകളുടെ പേരും പരിശോധന റിപ്പോർട്ടുകളുടെ വിവരങ്ങളും.

<table>
<tr><th>ക്രമ നമ്പർ</th><th>ഭരണ വകുപ്പിന്റെ പേര്</th><th>ഭരണ വകുപ്പിന് നല്കിയ പരിശോധന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ</th></tr>
<tr><td>1</td><td>റവന്യൂ വകുപ്പ്</td><td>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനകൾ സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ എറണാകുളം ജില്ലയിലെ വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധന</td></tr>
<tr><td>2</td><td>റവന്യൂ വകുപ്പ്</td><td>കോഴിക്കോട് താമരശ്ശേരി താലൂക്ക് ഓഫീസിൽ നടത്തിയ പരിശോധന</td></tr>
<tr><td>3</td><td>സൈനികക്ഷേമ വകുപ്പ്</td><td rowspan="2">സൈനിക ക്ഷേമ ഡയറക്ടറേറ്റിലും എൻ.സി.സി ഡയറക്ടറേറ്റിലും യാത്രാ ബത്ത, പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള നോൺ റീഫണ്ടബിൾ അഡ്വാൻസ് (NRA)എന്നിവ അനധികൃതമായി കൈപ്പറ്റുന്നുവെന്ന പരാതിയുമായി ബന്ധപ്പെട്ട പരിശോധന.</td></tr>
<tr><td>4</td><td>ഉന്നത വിദ്യാഭ്യാസ വകുപ്പ്</td></tr>
<tr><td>5</td><td>വിനോദസഞ്ചാര വകുപ്പ്</td><td>കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ നടത്തിയ പരിശോധന.</td></tr>
<tr><td>6</td><td>കായികയുവജന കാര്യ വകുപ്പ്</td><td>കേരള സ്റ്റേറ്റ് യുവജന ക്ഷേമ ബോർഡിൽ നടത്തിയ പരിശോധന.</td></tr>
</table>